# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2307 — 01.04.2013 ൽ മറുപടിക്ക്

### താലൂക്ക് ആശുപത്രി വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രിയും പ്രസ്തുത ആശുപത്രിയിൽ കുറഞ്ഞത് 100 കിടക്കകൾ എങ്കിലും ഉണ്ടായിരിക്കണം. കുറഞ്ഞത് 5 ഡോക്ടർമാരും മെഡിക്കൽ കൺസൾട്ടന്റ്, ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യോളജി തുടങ്ങിയ സ്പെഷ്യലിസ്റ്റുകളും ഉണ്ടാകേണ്ടതാണ്. കൂടാതെ താഴെ പറയുന്ന സ്റ്റാഫുകളും വേണ്ടതാണ്.<br><br>നഴ്സിംഗ് സൂപ്രണ്ട് - 1<br>സ്റ്റാഫ് നഴ്സ് - 10<br>നഴ്സിംഗ് അസിസ്റ്റന്റ് - 4<br>ഹോസ്പിറ്റൽ അറ്റന്റന്റ് - 6<br>ലാബ് ടെക്നീഷ്യൻ - 1<br>എക്സ്റേ ടെക്നീഷ്യൻ - 1<br>എം.ആർ.എൽ. - 1<br>ലേ സെക്രട്ടറി - 1<br>എൽ.ഡി / യു.ഡി - 4<br>ടൈപ്പിസ്റ്റ് - 2<br>ഓഫീസ് അസിസ്റ്റന്റ് - 1<br>പി.റ്റി.എസ്. - 2<br><br>കിടക്കകളുടെ എണ്ണത്തിനനുസരിച്ച് തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുത്തേണ്ടതാണ്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽനിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സ്പെഷ്യലിസ്റ്റ് സേവനങ്ങൾ വ്യക്തമാക്കുമോ; | (ബി) | നിലവിൽ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ 9 ഡോക്ടർമാരുണ്ട്. മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോ, അനസ്തേഷ്യോളജി എന്നീ സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാണ്. |
| (സി) | ദിനംതോറും ആയിരത്തിലധികം ഒ.പിയുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ രോഗികൾ മണിക്കൂറുകളോളം ക്യൂ നിൽക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | ഒരു ഒ.പി യിൽ ഒരു ദിവസം ശരാശരി 50 -100 നുമിടയിൽ രോഗികൾ വന്നു പോകുന്നുണ്ട്. ഇവരെയെല്ലാം തന്നെ ഉച്ചയ്ക്ക് 1 മണിക്ക് മുമ്പ് പരിശോധിച്ച് ചികിൽസ നല്കുന്നുണ്ട്. ഇത് പരിശോധിക്കാൻ സർക്കാർ ആശുപത്രിയിൽ ടോക്കൺ സിസ്റ്റം എർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ഡോക്ടർമാരെ പല ആശുപത്രികളിലും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ